രാഷ്ട്രപതിയുടെ സന്ദർശനം: തൃശൂർ നഗരത്തിൽ മൂന്ന് ദിവസം ഗതാഗത നിയന്ത്രണം

തൃശൂർ: രാഷ്ട്രപതിയുടെ തൃശൂർ സന്ദർശനത്തോടനുബന്ധിച്ച് കിഴക്കേകോട്ട ബിഷപ് പാലസ് റോഡിൽ അറ്റകുറ്റപണി നടത്തുന്നതിനാൽ ഇന്നുമുതൽ 23 വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ചെമ്പൂക്കാവ് മുതൽ കിഴക്കേകോട്ട വരെയുള്ള റോഡിൽ ഗതാഗതം പൂർണമായി നിരോധിച്ചതായും പരിസരപ്രദേശങ്ങളിൽ ഭാഗിക നിയന്ത്രണമുണ്ടാകുമെന്നും പൊതുമരാമത്ത് വിഭാഗം അറിയിച്ചു. പെൻമുല വഴിയുള്ള ഗതാഗതവും പൂർണമായി നിരോധിച്ചിട്ടുണ്ട്.

സേലം-കൊച്ചിഹൈവേവഴിപാലക്കാട് ഭാഗത്തുനിന്ന് വരുന്ന വലിയ വാഹനങ്ങൾ മുടിക്കോട് നിന്ന് തിരിഞ്ഞ് മാടക്കത്തറ, രാമവർമ്മപുരം, പവർഹൗസ് വഴി പോകണം. ചെമ്പൂക്കാവ് ഭാഗത്തുനിന്ന് മണ്ണുത്തിയിലേക്ക് പോകുന്ന ചെറിയ സ്വകാര്യ വാഹനങ്ങൾ ചെമ്പൂക്കാവ് ജംഗ്ഷനിൽ നിന്ന് തിരിഞ്ഞ് റെസ്റ്റ് ഹൗസ് ജംഗ്ഷൻ വഴി സെന്റ് മേരീസ് കോളേജ് റോഡിലൂടെയോ പാലസ് റോഡിലൂടെയോ റൗണ്ടിലെത്തി സെന്റ് തോമസ് കോളേജ് റോഡ് വഴി കിഴക്കേകോട്ടയിലേക്ക് പോകേണ്ടതാണ്. മണ്ണുത്തി ഭാഗത്തേക്ക് പോകേണ്ട സ്വകാര്യ ബസുകൾ വടക്കേ സ്റ്റാൻഡിൽ നിന്ന് പുറപ്പെട്ട് ചെമ്പൂക്കാവ് ജംഗ്ഷനിൽ നിന്ന് രാമനിലയം, പാലസ് റോഡ് വഴി റൗണ്ടിലെത്തി ജില്ലാ ആശുപത്രി, സെന്റ് തോമസ് കോളേജ് റോഡ് വഴി കിഴക്കേകോട്ടയിലേക്ക് തിരിയണം. മണ്ണുത്തി-പാലക്കാട് ഭാഗത്തുനിന്നും വരുന്ന സ്വകാര്യ വാഹനങ്ങൾ കിഴക്കേകോട്ട ജംഗ്ഷനിൽ നിന്ന് ഐ.ടി.സി ജംഗ്ഷൻ വഴിയോ കോളേജ് റോഡ് വഴിയോ തിരിഞ്ഞുപോകണമെന്ന് അധികൃതർ അറിയിച്ചു.



കഴിഞ്ഞ ദിവസം രാത്രി തൃശൂർ പത്തായപ്പുര ബിൽഡിംഗിന് താഴെ കാണപ്പെട്ട മുള്ളൻപന്നി

ബാർ ആക്രമണം: പ്രതികൾ റിമാൻഡിൽ

പുന്നംപറമ്പ്: കല്ല്യംകുട്ടം വി.വി.എസ് ലക്ഷ്മി ഇൻ ബാറിൽ അതിക്രമം നടത്തുകയും ബാർ ജീവനക്കാരെ അക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്ത കേസിൽ അറസ്റ്റിലായ മൂന്ന് പ്രതികൾ റിമാൻഡിൽ. വേലൂർ വട്ടത്തറ രതീഷ് (45), എരുമപെട്ടി സ്വദേശിയായ ആനാട്ടിൽ കിരൺ (21), തരുൺ (22) എന്നിവരെയാണ് റിമാൻഡ് ചെയ്തത്. കഴിഞ്ഞ 18 നായിരുന്നു സംഭവം.

മദ്യപിക്കാനെത്തിയ സംഘത്തിനോട് ബാർ ജീവനക്കാർ വയസുതെളിയിക്കാനുള്ള രേഖ ആവശ്യപ്പെട്ടതനെ തുടർന്നാണ് സംഭവം. ബാറിൽ അരലക്ഷത്തോളം രൂപയുടെ നാശനഷ്ടം വരുത്തി. പ്രതികളിലൊരാളായ രതീഷ് എരുമപെട്ടി, മെഡിക്കൽ കോളേജ്, സ്റ്റേഷനുകളിലായി എട്ടോളം ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടയാളാണ്.



ബാർ ആക്രമണ കേസ് പ്രതികൾ

മയക്കുമരുന്നുകൾ പിടികൂടിയ കേസിലെ പ്രതിയുടെ വാഹനങ്ങൾ കണ്ടുകെട്ടി

തൃശൂർ: കൊറിയർവഴി അയക്കാനെത്തിച്ച നിരോധിത മയക്കുമരുന്നുകൾ പിടികൂടിയ കേസിലെ പ്രതിയുടെ വാഹനങ്ങൾ കണ്ടുകെട്ടി. ജിം ടെയിനിംഗ് സെന്റർ നടത്തിപ്രോട്ടീൻ പൗഡറുകളുടെ മറവിൽ നിരോധിത മയക്കുമരുന്നുകൾ അയക്കാൻ ശ്രമിച്ച കേസിലെ പ്രതികളിൽ മുഖ്യപ്രതിയായ വിഷ്ണുപ്രദീപ്കുമാറിന്റെ വാഹനങ്ങളാണ് ചെന്നൈയിലുള്ള കോംപീറ്റന്റ് അതോറിറ്റിയുടെ ഫ്രീസിംഗ് ഓർഡറിൽ കണ്ടുകെട്ടിയത്.

കളിക്കളം കായികമേള

നീന്തലിൽ നാലുമെഡലുകളുമായി ചാലക്കുടിക്കുടിയിലെ പെൺകുട്ടികൾ

തിരുവനന്തപുരം: പട്ടികവർഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഒമ്പതാമത് സംസ്ഥാനതല കായികമേള 'കളിക്കള'ത്തിൽ ആദ്യദിനം നടന്ന നീന്തൽ മത്സരങ്ങളിൽ മിന്നുന്ന വിജയവുമായി ചാലക്കുടി മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥിനികൾ. മൂന്ന് സ്വർണവും ഒരു വെള്ളിയും ഉൾപ്പെടെ നാല് മെഡലുകളാണ് ചാലക്കുടി എം.ആർ.എസിലെ മിടുക്കികൾ സ്വന്തമാക്കിയത്. സീനിയർ പെൺകുട്ടികളുടെ 100 മീറ്റർ വിഭാഗത്തിൽ എം.ആതിര, 50 മീറ്റർ വിഭാഗത്തിൽ പി.കെ.അഭിരാമി, ജൂനിയർ പെൺകുട്ടികളുടെ 100 മീറ്റർ വിഭാഗത്തിൽ പി.പ്രിജിത എന്നിവർ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ജൂനിയർ പെൺകുട്ടികളുടെ 50 മീറ്റർ വിഭാഗത്തിൽ ഹൃദ്യ ഹരിമോൻ രണ്ടാംസ്ഥാനം നേടി. ആതിര, അഭിരാമി, പ്രിജിത എന്നിവർ പത്താംക്ലാസ് വിദ്യാർത്ഥിനികളും ഹൃദ്യ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയുമാണ്.

മാസങ്ങൾ നീണ്ട ചിട്ടയായ പരിശീലനവും കുട്ടികളുടെ കഠിനാധ്വാനവുമാണ് അഭിമാനകരമായ വിജയത്തിലേക്കെത്തിച്ചതെന്ന് കായികാദ്ധ്യാപകൻ ജയരാജൻ പറഞ്ഞു.

ആക്സിസ് ബാങ്ക് ലിമിറ്റഡ്

രജിസ്റ്റേർഡ് ഓഫീസ്: തൃശൂൽ, സമർത്ഥേശ്വർ ക്ഷേത്രത്തിന് എതിർവശം, ലോ ഗാർഡൻ സമീപം, എല്ലിസ്ബ്രിഡ്ജ്, അഹമ്മദാബാദ്-380006, റീട്ടെയിൽ അസറ്റ്സ് സെന്റർ: ആക്സിസ് ബാങ്ക് ലിമിറ്റഡ്, 5-ാം നില, ചിക്കാഗോ പ്ലാസ, രാജാജി റോഡ്, എറണാകുളം-682035

സ്ഥാവര സ്വത്ത് കൈവശപ്പെടുത്തൽ നോട്ടീസ് റൂൾ 8 (1)

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ വകുപ്പ് 13(12) ഉം സെക്യൂരിറ്റി ഇന്റർസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ന്റെ ചട്ടം 3 ഉം പ്രകാരമുള്ള അധികാരം ഉപയോഗിച്ച് അയച്ച ഡിമാന്റ് നോട്ടീസ് പ്രകാരം ബാങ്ക് വായ്പയെടുത്ത താഴെ പറയുന്ന വായ്പക്കാർ കുടിശ്ശിക സംഖ്യയും അതിന്മേലുള്ള പലിശയും മറ്റ് ചാർജ്ജുകളും സഹിതം നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം ബാങ്കിലടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

എന്നാൽ വായ്പ എടുത്തവർ വായ്പ കുടിശ്ശികയും തുടർന്നുള്ള പലിശയും നോട്ടീസിൽ പ്രതിപാദിച്ച സമയത്തിനുള്ളിൽ ബാങ്കിൽ അടയ്ക്കാതെ വീഴ്ച വരുത്തിയിട്ടുള്ളതുകൊണ്ട് ടി ആക്ടിലെ വകുപ്പ് 13(4) ഉം, മേൽപടി റൂളിന്റെ ചട്ടം 8 ഉം പ്രകാരം താഴെ വിവരിച്ചിരിക്കുന്ന വസ്തുവകകൾ ടി ബാങ്ക് താഴെ പറയുന്ന തീയതിയിൽ കൈവശം എടുത്തിരിക്കുന്ന വിവരം ടി വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരെയും പൊതുജനങ്ങളേയും അറിയിക്കുന്നു.

വായ്പക്കാർ/പണയക്കാർ/ജാമ്യക്കാർ മറ്റ് ആരെങ്കിലുമോ ബാങ്കിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ നടത്തുന്ന ഏതു നടപടികളും അസാധുവായിരിക്കുമെന്നും, ടി വസ്തുവിനെ സംബന്ധിച്ച് ഏത് ഇടപാടുകൾക്കും വായ്പക്കാരിൽ നിന്നും ഈടാക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചിലവുകളും ആക്സിസ് ബാങ്ക് ലിമിറ്റഡിന്റെ പ്രഥമ ചാർജ്ജായി നിലനിൽക്കുന്നതും ബാധകവുമാണെന്നും വായ്പക്കാരേയും പ്രത്യേകിച്ച് പൊതുജനങ്ങളേയും അറിയിക്കുന്നു.

ടി സർഫാസി ആക്ടിന്റെ 13 (8)-ാം വകുപ്പ് അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മുഴുവൻ ബാധ്യതയും തീർത്ത് പണയവസ്തു കടക്കാർക്ക് വിടുതൽ ചെയ്ത് എടുക്കാവുന്നതാകുന്നു.

നം	വായ്പക്കാർ/പണയക്കാർ	ഡിമാന്റ് നോട്ടീസ് തീയതി
1	1. ശ്രീ. സുനിൽദാസ് സി എസ്, ചോരേക്കാട്ടുവളപ്പിൽ ഹൗസ്, വരടിയം, അവണൂർ പി ഒ, തൃശ്ശൂർ-680541 2. ശ്രീമതി. ധന്യ എൻ വി, നാനത്തുപറമ്പിൽ ഹൗസ്, കുറ്റൂർ പി ഒ, കുറ്റൂർ, തൃശ്ശൂർ-680013 മറ്റൊരു വിലാസം: ചോരേക്കാട്ടുവളപ്പിൽ ഹൗസ്, വരടിയം, അവണൂർ പി ഒ, തൃശ്ശൂർ-680541	കൈവശമെടുത്ത തീയതി 25-03-2026 കുടിശ്ശിക തുക (രൂപയിൽ) 16-11-2026 രൂപ 60,10,502/-(അറുപത് ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ് രണ്ട് രൂപ)

പട്ടിക സ്ഥാവര വസ്തുവിന്റെ വിശദ വിവരണം: കൊടുങ്ങല്ലൂർ സബ് രജിസ്ട്രാർ ഓഫീസിലെ 2340/2019 ാം നം. വിലയാധാരപ്രകാരം തൃശ്ശൂർ ജില്ലയിൽ, കൊടുങ്ങല്ലൂർ ഉപ ജില്ലയിൽ, കൊടുങ്ങല്ലൂർ താലൂക്കിൽ, ലോകമലേശ്വര വില്ലേജിൽ, സർവേ നം. 808/PT 1-4 ൽ പെട്ട 6.07 ആർസ് വസ്തുവും അതിലുള്ള നിർമ്മിതികളും സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: കിഴക്ക്:** രാമൻകുട്ടി വക വസ്തു; **വടക്ക്:** വേണുഗോപാലൻ, മേരി എന്നിവർ വക വസ്തുക്കൾ; **പടിഞ്ഞാറ്:** മുനിസിപ്പൽ റോഡ്; **തെക്ക്:** ശോഭന വക വസ്തു.

സ്ഥലം: കൊച്ചി (ഒപ്പ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ,
തീയതി: 16-11-2026 **ആക്സിസ് ബാങ്ക് ലിമിറ്റഡ്**

എസ്.എൻ ട്രസ്റ്റ് റീജ്യണൽ തിരഞ്ഞെടുപ്പ്:

വെള്ളാപ്പള്ളി പാനലിന് സമ്പൂർണ വിജയം

നാട്ടിക: ശ്രീനാരായണ കോളേജിൽ നടന്ന എസ്.എൻ ട്രസ്റ്റ് റീജ്യണൽ തിരഞ്ഞെടുപ്പിൽ വെള്ളാപ്പള്ളി പാനൽ മുഴുവൻ സീറ്റുകളിലും വിജയിച്ചു. പോൾ ചെയ്ത 1520 വോട്ടുകളിൽ 99.5 ശതമാനവും നേടിയാണ് പാനലിലെ 40 സ്ഥാനാർത്ഥികളും വിജയക്കൊടി പാറിച്ചത്. നാട്ടിക എസ്.എൻ കോളേജിന്റെ അടുത്തമൂന്ന് വർഷത്തേക്കുള്ള ഭരണസമിതിയെയാണ് തിരഞ്ഞെടുത്തത്. വിജയിച്ച 40 അംഗങ്ങൾക്ക് ഡിസംബർ 24 ന് നടക്കുന്ന എസ്.എൻ ട്രസ്റ്റ് സംസ്ഥാന തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അർഹത ലഭിക്കും. വോട്ടെണ്ണലിന് ശേഷം നടന്ന ആഹ്ലാദപ്രകടനത്തിന് ആർ. ഡി. സി ചെയർമാൻ ഉണ്ണിക്കൃഷ്ണൻ തഷ്ണാത്ത്, കൺവീനർ പി. കെ. പ്രസന്നൻ എന്നിവർ നേതൃത്വം നൽകി.

പുതുക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 580

P.O. പുതുക്കാട്, തൃശൂർ ജില്ല. PIN 680301, ഫോൺ: 0480-2751375, 2750269, 2750246

ടി ടെൻഡർ പരസ്യം

ബാങ്കിന്റെ ഹെഡ് ഓഫീസ് ബിൽഡിംഗ് A.C.P. വർക്ക് ചെയ്യുന്നതിനുവേണ്ടി നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നോ, അംഗീകൃത ഡീലർമാരിൽ നിന്നോ, സീൽ വച്ച കവറുകളിൽ ക്വൊട്ടേഷനുകൾ ക്ഷണിക്കുന്നു. നിരതദ്രവ്യം പുതുക്കാട് മാറ്റാവുന്ന D/D അടക്കം 28.11.2026 ശനിയാഴ്ച പകൽ 12 മണി വരെ ബാങ്ക് പ്രസിഡണ്ടിന്റെ പേരിൽ ക്വൊട്ടേഷനുകൾ സ്വീകരിക്കുന്നതാണ്. 28.11.2026 ശനിയാഴ്ച 3 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ക്വൊട്ടേഷനുകൾ തുറക്കുന്നതുമാണ്. കരാർ മുഴുവനുമായോ, ഭാഗികമായോ, ഉറപ്പിക്കുന്നതിനും നീട്ടി വയ്ക്കുന്നതിനും വേണ്ടി വന്നാൽ റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം ബാങ്ക് ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ആയത് സംബന്ധിച്ച് ഭരണസമിതിയുടെ തിരുമാനം അന്തിമമായിരിക്കും. കേരള സർക്കാരിന്റെയും ബാങ്കിന്റെയും നിലവിലുള്ള എല്ലാ കരാർ വ്യവസ്ഥകളും ഈ കരാറുകൾക്ക് ബാധകമായിരിക്കും. ടെണ്ടർ ഫോറം 28.11.2026 ശനിയാഴ്ച പകൽ 11 മണിവരെ ബാങ്ക് ഹെഡ് ഓഫീസിൽ നിന്നും നിശ്ചിത വിലയ്ക്ക് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബാങ്ക് ഹെഡ് ഓഫീസുമായി ബന്ധപ്പെടുക

പണിയുടെ വിവരം	അടങ്കൽ തുക	നിരതദ്രവ്യം തുക 2 %	SGST & CGST	ഫോറത്തിന്റെ വില	പണികളുടെ കാലാവധി	സ്വീകരിക്കുന്ന തിയ്യതി
ഹെഡ് ഓഫീസ് കെട്ടിടം A.C.P വർക്ക് ചെയ്യുന്നതിന്	1853000	37060	333540	250	20 ദിവസം	28.11.2026 രാവിലെ 12 മണി വരെ

പുതുക്കാട്, 20.11.2026
ബാങ്ക് ഭരണസമിതിക്ക് വേണ്ടി സെക്രട്ടറി (ഒപ്പ്)

ജി.ഐ.സി. ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

കോർപ്പറേറ്റ് ഓഫീസ്/ ഹെഡ് ഓഫീസ്: ജി.ഐ.സി.എച്ച്.എഫ്.എൽ. , നാഷണൽ ഇൻഷുറൻസ് ബിൽഡിംഗ്, ആറാം നില, 14, ജംഷെഡ്ജി ടാറ്റ റോഡ്, ചർച്ച്ഗേറ്റ്, മുംബൈ - 400020 ഫോൺ നമ്പർ: 022-43041900 ഇമെയിൽ: corporate@gichf.com വെബ്സൈറ്റ്: www.gichfindia.com

ബ്രാഞ്ച് ഓഫീസ് വിലാസം: ജി.ഐ.സി. ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഡോർ നമ്പർ 25/5000, മൂന്നാം നില, മഹേശ്വരി ബിൽഡിംഗ്, എം.ജി. റോഡ്, തൃശ്ശൂർ - 680001

ബ്രാഞ്ച് ഇമെയിൽ ഐ.ഡി: thrissur@gichfindia.com അംഗീകൃത ഓഫീസർ : അജിത്ത് ടി.ജെ. - 8075951197 / 8129099961

ഇ-ലേല വിൽപന നോട്ടീസ്

ഇ-ലേല തീയതി: 22-12-2026 / ബിഡ് സമർപ്പിക്കാനുള്ള അവസാന തീയതി: 21-12-2026

സെക്യൂരിറ്റൈസേഷൻ & റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്ട്, 2002 പ്രകാരവും, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ലെ റൂൾ 3-നോട് ചേർത്ത് വായിക്കുന്ന സെക്ഷൻ 13(12) പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചും, ജി.ഐ.സി ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ അതോറൈസ്ഡ് ഓഫീസറായ താഴെ ഒപ്പിട്ടിരിക്കുന്ന വ്യക്തി, താഴെ പറയുന്ന വായ്പക്കാർക്ക്/പണയക്കാർക്ക് ഡിമാൻഡ് നോട്ടീസ് നൽകുകയും, പ്രസ്തുത നോട്ടീസുകളിൽ പറഞ്ഞിരിക്കുന്ന കുടിശ്ശിക ഇക തിരിച്ചടയ്ക്കാൻ അവരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, വായ്പക്കാർ/പണയക്കാർ പ്രസ്തുത കുടിശ്ശിക വായ്പാ ഇക തിരിച്ചടയ്ക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, പ്രസ്തുത നിയമത്തിലെ റൂൾ 8-നോട് ചേർത്ത് വായിക്കുന്ന സെക്ഷൻ 13(4), സെക്ഷൻ 14 എന്നിവ പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് GICHFL-ന്റെ അധികാരപ്പെട്ട ഓഫീസർമാർ താഴെ പറയുന്ന വസ്തുവകകളുടെ ഭൗതിക കൈവശം ഏറ്റെടുത്തിരിക്കുന്നു.

ക്രമ നം.	ലോൺ അക്കൗണ്ട് നമ്പർ / വായ്പക്കാരന്റെ പേര് / സഹവായ്പക്കാരൻ / ജാമ്യക്കാരന്റെ പേര് / ശാഖ	വസ്തുവിന്റെ വിലാസം / വിസ്തീർണ്ണം (ചതുരശ്ര അടിയിൽ നിർമ്മിച്ച ഭാഗം)	ഡിമാൻഡ് നോട്ടീസ് അയച്ച തീയതി / പ്രസിദ്ധീകരിച്ച തീയതി	നേരിട്ടുള്ള കൈവശപ്പെടുത്തൽ തീയതി	02.11.2026 വരെയുള്ള ആകെ കുടിശ്ശിക (POS, പലിശ, മറ്റ് പാർട്ടുകൾ ഉൾപ്പെടെ) (രൂപയിൽ)	റിസർവ് വില (രൂപയിൽ)
1	KL0850600000043 **ഡിപിൻ. എ.യു. (വായ്പക്കാരൻ) & ഉണ്ണി. എ.കെ (സഹവായ്പക്കാരൻ)**	വീട് നമ്പർ 4/534 എ, ആനക്കോട്ട് ഹൗസ്, വസ്തുവിന്റെ വിസ്തീർണ്ണം - 4.60 ആർ, സർവ്വേ നമ്പർ 199715 എ, പെരിഞ്ഞനം വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല, കേരളം - 680686.	02-08-2023 14-08-2023	26-05-2025	രൂ. 16,31,535/-	രൂ. 28,00,000/-

ഇ-ലേല തീയതിയും സമയവും: 22-12-2026-ന്, വെബ്-പോർട്ടലിൽ (https://www.bankauctions.in) ഉച്ചയ്ക്ക് 3.00 മണി മുതൽ വൈകുന്നേരം 04:00 മണി വരെ. ഓരോന്നും 5 മിനിറ്റ് വീതം പരിധിയില്ലാത്ത സമയ ദൈർഘ്യം ഉണ്ടായിരിക്കും.

ടെൻഡർ / സീൽ ചെയ്ത ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി: നിർദ്ദിഷ്ട ടെൻഡർ ഫോമിൽ ഇ എം ഡി -യും കെ വൈ സി -യും സഹിതം ഓൺലൈൻ വഴിയോ മുകളിൽ പറഞ്ഞിരിക്കുന്ന GICHF ഓഫീസിലോ 21-12-2026 വൈകുന്നേരം 5.00 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ആസ്തികളുടെ / വസ്തുവകകളുടെ ഇ-ലേല വിൽപ്പനയുമായി ബന്ധപ്പെട്ട ഈ പൊതു അറിയിപ്പിന്റെ തുടർച്ചയായി (2002-ലെ SARFAESI ആക്ട്, അതിലെ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി), പറഞ്ഞിരിക്കുന്ന വസ്തുവകകൾ 'എവിടെയാണോ', 'എന്താണോ', 'എന്തൊക്കെയുണ്ടോ' എന്ന നിലയിൽ വാങ്ങുന്നതിനായി മുദ്രവെച്ച കവറുകളിലോ ഓൺലൈൻ വഴിയോ GICHFL ഓഫറുകൾ ക്ഷണിക്കുന്നു.

ലേല വിൽപനയുടെ നിബന്ധനകളും വ്യവസ്ഥകളും താഴെ പറയുന്നവയാണ്:-

1. ഇ-ലേലം **'എവിടെയാണോ', 'എന്താണോ', 'എന്തൊക്കെയുണ്ടോ', 'യാതൊരു പിന്തിരിയിൽ അവകാശവുമില്ലാതെ'** എന്നീ വ്യവസ്ഥകളിലാണ് നടത്തുന്നത്; ഇത് 'ഓൺലൈൻ' (ആയിട്ടായിരിക്കും നടക്കുക. GICHF അംഗീകരിച്ച ഇ-ലേല സേവന ദാതാവായ **'M/s. 4 closure'** മുഖേനയാണ് ഇ-ലേലം നടത്തുന്നത്.
2. **ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ https://bankauctions.in/ എന്ന പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്ത് യൂസർ ഐഡിയും പാസ്വേഡും സൗജന്യമായി നേടേണ്ടതാണ്. ഇ-ലേലത്തെക്കുറിച്ചുള്ള ഓൺലൈൻ പരിശീലനം സേവന ദാതാവായ M/s. 4closure-ൽ നിന്നും ലഭിക്കുന്നതാണ്. വിലാസം: # 605 A, 6-)0 നില മൈത്രിവനം , അമീർപേട്, ഹൈദരാബാദ്-500038, തെലങ്കാന. ഓഫീസ് ലാൻഡ് ലൈൻ നമ്പർ: 040-23736405; ബാക്കെൻഡ് (Backend): സാരി പിന്തു - 8142000061, രേഖ - 8142000066, സോനവാൽ - 8142000063. മെയിൽ ഐഡി: info@bankauctions.in. ടി. ജയ പ്രകാശ് റെഡ്ഡി, മാനേജർ - ഓപ്പറേഷൻസ്, മൊബൈൽ നമ്പർ: 8142000064. ഇമെയിൽ: prakash@bankauctions.in, ശ്രീ. വിശാൽ നാഥ്, മൊബൈൽ നമ്പർ: 8142000735, ഇമെയിൽ: tkl@bankauctions.in. വസ്തുവിനെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക്, GICHFL ബന്ധപ്പെടേണ്ട വിവരങ്ങൾ: അജിത്ത് ടി.ജെ. - 8075951197 / 8129099961.**
3. ഈ ഇ-ലേല വിൽപ്പന 2002-ലെ സർഫാസി ആക്ട്/ ചട്ടങ്ങൾ അനുസരിച്ചുള്ള വ്യവസ്ഥകൾക്കും, താഴെ / വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കും, ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ / പങ്കെടുക്കുന്നവർ സമർപ്പിക്കുന്ന ഓഫർ / ബിഡ് രേഖകളിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കും.
4. ഓൺലൈൻ ഇ-ലേലത്തിൽ പങ്കെടുക്കുന്നതിന് ഓരോ ലേലക്കാരനും സ്വന്തമായി ഇമെയിൽ വിലാസം ഉണ്ടായിരിക്കേണ്ടതാണ്.
5. താല്പര്യമുള്ള ലേലക്കാരൻ GICHFL-ന്റെ അംഗീകൃത ഓഫീസർക്ക് മുന്നിൽ യോഗ്യതയുള്ള ദർഘാസുകാരനായി ഔദ്യോഗികമായി രജിസ്റ്റർ ചെയ്യുകഴിഞ്ഞാൽ, രേഖകൾ സമർപ്പിച്ചുകൊണ്ട് ഇ-ലേല ബിഡ്ഡിംഗ് പ്ലാറ്റ്ഫോം വഴി പങ്കെടുക്കാനുള്ള താല്പര്യം അറിയിക്കേണ്ടതാണ്. ഇ-ലേല സർവീസ് പ്രൊവൈഡറിൽ നിന്ന് സ്വന്തം ലോഗിൻ ഐഡിയും പാസ്വേഡും കരസ്ഥമാക്കേണ്ടത് ദർഘാസുകാരന്റെ / ഓൺലൈൻ ലേലക്കാരന്റെ പൂർണ്ണ ഉത്തരവാദിത്തമായിരിക്കും.
6. മുകളിൽ പറഞ്ഞിരിക്കുന്ന റിസർവ് വിലയിൽ താഴെ പ്രസ്തുത വസ്തുവകകൾ വിൽക്കുന്നതല്ല.
7. താല്പര്യമുള്ള ലേലക്കാർ അതത് റിസർവ് വിലയുടെ 10% നിരക്കിൽ ഇ എം ഡി, GIC Housing Finance Ltd-ന്റെ പേരിൽ DD/RTGS/NEFT മുഖേന അടയ്ക്കേണ്ടതാണ്. ബാങ്ക് വിശദാംശങ്ങൾ താഴെ പറയുന്നവയാണ്: **ബാങ്കിന്റെ പേര്: UNION BANK OF INDIA അക്കൗണ്ട് നമ്പർ: 005111010000039 അക്കൗണ്ടിന്റെ പേര്: GIC HOUSING FINANCE LTD AUCTION A/C ബ്രാഞ്ച് പേര്: LCB, FORT വിലാസം: UBI, 239 BACKBAY RECLAMATIO NARIMAN POINT MUMBAI MAHARASHTRA PINCODE 400021. IFSC കോഡ്: UBIN0800511**
8. വിജയിക്കുന്ന ലേലക്കാരന്റെ/ലേലക്കാരുടെ കാര്യത്തിൽ പ്രസ്തുത നിക്ഷേപം/നിക്ഷേപങ്ങൾ ഇകയിൽ ക്രമീകരിക്കുന്നതാണ്; അല്ലാത്തപക്ഷം തിരികെ നൽകുന്നതാണ്. പ്രസ്തുത നിരതദ്രവ്യ നിക്ഷേപത്തുകയ്ക്ക് യാതൊരു പലിശയും ലഭിക്കുന്നതല്ല.
9. നിരത ദ്രവ്യ നിക്ഷേപത്തുകയോടൊപ്പം സമർപ്പിക്കുന്ന ഓഫർ/ഓഫറുകൾhttps://bankauctions.in എന്ന പോർട്ടൽ വഴി 'ഓൺലൈനായോ' (പാൻ കാർഡും വിലാസ തെളിവും ഉൾപ്പെടെയുള്ള KYC രേഖകളുടെ സ്കാൻ ചെയ്ത പകർപ്പും EMD-യും സഹിതം സേവന ദാതാവിന്) സമർപ്പിക്കാവുന്നതാണ്; അല്ലെങ്കിൽ ബിഡ് ഫോം, EMD, KYC രേഖകൾ എന്നിവ അടങ്ങിയ മുദ്രവെച്ച കവർ മുഖേന സമർപ്പിക്കാവുന്നതാണ്. ഇവ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ജി.ഐ.സി ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ (GIC Housing Finance Ltd.) ബന്ധപ്പെട്ട ശാഖാ ഓഫീസുകളിൽ EMD സമർപ്പിക്കേണ്ട അവസാന തീയതിയിലോ അതിനുമുമ്പോ എത്തിച്ചേരേണ്ടതാണ്.
10. ടെൻഡറുകൾ തുറന്നതിനുശേഷം, റിസർവ് വിലയിൽ കുറയാത്ത തുകയ്ക്ക് ബിഡ് സമർപ്പിച്ചിട്ടുള്ള ലേലക്കാർക്ക്, ബിഡ് തുക വർദ്ധിപ്പിക്കുന്നതിനുള്ള അവസരം അധികാരപ്പെട്ട ഓഫീസറുടെ പൂർണ്ണ വിവേചനാധികാരത്തിൽ നൽകുന്നതാണ്.
11. വിജയിക്കുന്ന ലേലക്കാരൻ/ലേലക്കാർ വിൽപ്പനയുമായി ബന്ധപ്പെട്ട് അധികാരപ്പെട്ട ഓഫീസർ ഓഫർ സ്വീകരിക്കുന്ന മുറയ്ക്ക്, ഇതിനകം അടച്ച EMD തുക ക്രമീകരിച്ചുകൊണ്ട് വിൽപ്പന വിലയുടെ 25% തുക ഉടൻ നിക്ഷേപിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ നിക്ഷേപിച്ച ഇ എം ഡി തുക കണ്ടുകെട്ടുന്നതാണ്. വിൽപ്പന സ്ഥിരീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ വിൽപ്പന വിലയു